(ഡി) ടോൾ പിരിവ് നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽക്ക് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 433.50 ലക്ഷം രൂപ.

(ബി) 17.6.1987-ൽ

(സി) 31.3.99 വരെ 109.33 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ ഉദ്ദേശമില്ല. എന്നാൽ പാലത്തിന് ചെലവായ തുകയും അതിന്റെ 9% സാധാരണ പലിശയും അടഞ്ഞുതീരുമ്പോൾ പിരിവ് നിർത്തണമെന്നതാണ് നിലവിലുള്ള വിഷയം. ഈ തുക ലഭിച്ചു കഴിഞ്ഞാൽ ടോൾ പിരിവ് നിർത്തുന്നതാണ്.

103 (2481) അന്നമനട-പുളിക്കടവ് പാലം

ശ്രീ. യു.എസ്. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽപ്പെടുന്ന അന്നമനട-പുളിക്കടവ് പാലം നിർമ്മിക്കണമെന്ന ജനങ്ങളുടെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലം നിർമ്മാണത്തിന്റെ പ്രവർത്തനം ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലം നിർമ്മാണത്തിന് 10.8.95-ലെ സ.ഉ.(സാ) 1121/95/ പൊ.മ.വ.പ്രകാരം 475 ലക്ഷം രൂപയുടെ ഭരണാനുമതിയും 21.8.97ലെ ഗ.ഉ.(സാ:)നം.997/97/പൊ.മ.വ.പ്രകാര പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. പാലം പണിയുടെ രൂപകല്പന നടത്തുന്നതിനാവശ്യമായ മണ്ണ് പര്യവേഷണ പണി പൂർത്തിയാക്കി ചീഫ് എഞ്ചിനീയർ (ഡ്രിഗ്) അയച്ചിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കിവരുന്നു.

ഈ പണിക്ക് ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ 17 ലക്ഷം രൂപ എം.ഡി.ആർ. വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിസൈൻ പൂർത്തിയായാൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതികാനുമതി നൽകി ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയശേഷം എത്രയും വേഗം പണി ആരംഭിക്കാൻ കഴിയും.

104 (2482) ആലുവ ട്രാഫിക് പരിഷ്ക്കരണം

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മുനിസിപ്പൽ ടൗണിൽ വൺവേ ട്രാഫിക്കിന്റെ വികസനവും പരിഷ്ക്കരണവും ലക്ഷ്യമാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തി

LIBRARY ARCHIVES Kerala Legislative Assembly

യായിട്ടും റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടായിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ റോഡിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) അടിയന്തിര പ്രാധാന്യമുള്ള ഈ വർക്ക് ഉടനടി ആരംഭിക്കുവാൻ ആവശ്യമായ സത്വര നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)(സി)&(ഡി) പ്രസ്തുത പണിക്ക് 7.3.94-ൽ 28 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും തുടർന്ന് പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. എന്നാൽ റോഡിന്റെ വികസനത്തിന്റെ ഭാഗമായി രണ്ടു വരിപ്പാത നിർമ്മിക്കാനുള്ള സ്ഥലം കൂടി പൊന്നും വിലക്ക് എടുക്കേണ്ടിവരുന്നതുകൊണ്ട് 70 ലക്ഷം രൂപയുടെ സ്ഥലമെടുപ്പ് ഉൾപ്പെടെ 99 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാർ തലത്തിൽ പരിശോധിച്ചു. എന്നാൽ 98-99 വർഷത്തെ ബഡ്ജറ്റിൽ 10 ലക്ഷം രൂപ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നതിനാൽ പ്രസ്തുത പണി മാറ്റി വെക്കേണ്ടിവന്നു ഈ വർഷത്തെ ബഡ്ജറ്റിൽ 3ലക്ഷം രൂപ മാത്രമേ പ്രധാന ജില്ലാ റോഡു വിഭാഗത്തിൽ ഈ പണിക്ക് ഉൾപ്പെടുത്തിയിട്ടുള്ളു. 99 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി, 17 ലക്ഷം രൂപ കൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ചെയ്താൽ മാത്രമേ ടെണ്ടർ ചെയ്ത് പണി ആരംഭിക്കാൻ കഴിയുകയുള്ളു.

105 (2483) കൊയിലാണ്ടി ഡീവിയേഷൻ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഡീവിയേഷന്റെ പ്രവൃത്തിക്ക് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്;

(ബി) പ്രസ്തുത ജോലിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ;

(സി) കൊയിലാണ്ടി ഡീവിയേഷന്റെ അലൈൻമെന്റ് അംഗീകരിച്ചതാണോ;

(ഡി) ലാന്റ് അക്വിസിഷൻ നടപടി എപ്പോൾ ആരംഭിക്കുവാനാണുദ്ദേശിക്കുന്നത്;

(ഇ) ലാന്റ് അക്വിസിഷൻ നടപടി ആരംഭിക്കാൻ നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; അതിനു വേണ്ടി എത്ര കോടി രൂപയാണ് അനുവദിച്ചു കിട്ടിയത്?

ഉത്തരം

(എ)&(ബി) കൊയിലാണ്ടി ഡീവിയേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം പൊന്നും വിലക്ക് എടുക്കുന്നതിന് 470 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗതാവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുതഎസ്റ്റിമേറ്റിന് അനുമതി നൽകിയതായി ഔദ്യോഗികമായി അറിയിപ്പു ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly